കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയം ഭരണ വകുപ്പ് - മലപ്പുറം ജില്ലയിലെ കൊണ്ടോട്ടി ഗ്രാമപഞ്ചായത്തിന്റെ 2011-12 വർഷത്തെ ലോക്കൽഫണ്ട് ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3.2 - സാധൂകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു

---

തദ്ദേശ സ്വയം ഭരണ (എ.ബി) വകുപ്പ്

സ.ഉ(സാ.ധാ).നം.3535/2015/ത.സ്വ.ഭ.വ തിരുവനന്തപുരം,തിയതി, 27.11.2015

---

പരാമർശം : 1. കൊണ്ടോട്ടി ഗ്രാമ പഞ്ചായത്ത് പ്രസിഡന്റിന്റെ 13.10.2014 – ലെ 318/14 നമ്പർ കത്ത്

2. ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 20.05.2015 – തിയതിയിലെ എൽ.എഫ്.20419/പി.റ്റി3 /14 നമ്പർ കത്ത്

3. പഞ്ചായത്ത് ഡയറക്ടറുടെ 25.07.2015 – തിയതിയിലെ എം3/47699/14 നമ്പർ കത്ത്

## ഉത്തരവ്

മലപ്പുറം ജില്ലയിലെ കൊണ്ടോട്ടി ഗ്രാമപഞ്ചായത്തിന്റെ 2011-12 വർഷത്തെ ലോക്കൽഫണ്ട് ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3.2 പ്രകാരം, 11.07.2008 - ലെ സ.ഉ(എം.എസ്) നം. 199/2008/ത.സ്വ.ഭ.വ നമ്പർ ഉത്തരവ് പ്രകാരം വീടുകളുടെ ഗുണമേന്മാ വർദ്ധനവിന് പരമാവധി നൽകാവുന്ന സബ്സീഡി 15,000 രൂപായാണെന്നിരിക്കെ ഓരോ ഗുണഭോക്താവിനും 17,000 രൂപാ വരെ നൽകിയതിലൂടെ സർക്കാരിന് 1,42,000 രൂപയുടെ നഷ്ടമുണ്ടായിട്ടുള്ളതായി കണ്ടെത്തുകയും ആയതിനാൽ അധികമായി ചെലവഴിച്ച 1,42,000 രൂപ ഉത്തരവാദിയായ എൽ.വി.ഇ.ഒ – യിൽ നിന്നും ഈടാക്കേണ്ടതാണെന്നും ആയതിനാൽ മാർഗ്ഗനിർദേശങ്ങൾക്ക് വിരുദ്ധമായ ചെലവിൽ മേൽ തുക കഴിച്ചുള്ള (12,19,000 – 1,42,000) 10,77,000 രൂപാ തടസ്സത്തിൽ വയ്ക്കുന്നതായും വ്യക്തമാക്കിയിരുന്നു. എന്നാൽ വളരെ പാവപ്പെട്ട, കൂലിപ്പണിയെടുത്ത് ജീവിക്കുന്ന പട്ടികജാതി വിഭാഗത്തിൽപ്പെട്ട കൂലിപ്പണി ചെയ്തു ജീവിക്കുന്നവർക്ക് വാസയോഗ്യമായ വീട് നിർമ്മിക്കുന്നതിന് വേണ്ടി ഡി.പി.സി അംഗീകാരത്തോടെ 17000 രൂപാ ചെലവഴിച്ച പഞ്ചായത്തിന്റെ നടപടി സാധൂകരിച്ച് നൽകണമെന്ന് പഞ്ചായത്ത് ഭരണ സമിതി സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. പഞ്ചായത്ത് ഭരണ സമിതി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ഇക്കാര്യത്തിൽ സർക്കാർ സാധൂകരണം നൽകാവുന്നതാണെന്ന് പരാമർശം മൂന്ന് കത്ത് പ്രകാരം പഞ്ചായത്ത് ഡയറക്ടർ സർക്കാരിനെ അറിയിച്ചിട്ടുണ്ട്. സബ്സീഡി മാനദണ്ഡങ്ങളുടെ ലംഘനം തദ്ദേശ സ്വയം ഭരണ

........2

സ്ഥാപനങ്ങളുടെ ഫണ്ടിന്റെ ദുർവിനിയോഗമായി കരുതാവുന്നതാണെങ്കിലും അധികം നൽകുന്ന സബ്സിഡി ബന്ധപ്പെട്ട വ്യക്തിയിൽ നിന്നും ബാധകമായ നിയമ വ്യവസ്ഥക്ക് വിധേയമായി ഈടാക്കാവുന്നതാണെങ്കിലും ഇക്കാര്യത്തിൽ സർക്കാരിന് ഉചിതമായ തീരുമാനം കൈക്കൊള്ളാവുന്നതാണെന്ന് പരാമർശം മൂന്ന് കത്ത് പ്രകാരം ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ സർക്കാരിനെ അറിയിച്ചിട്ടുണ്ട്.

ഈ സാഹചര്യത്തിൽ സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. വീടുകളുടെ ഗുണമേന്മാ വർദ്ധനവിന് പരമാവധി നൽകാവുന്ന സബ്സീഡി 15000 രൂപായാണെന്നിരിക്കെ ഓരോ ഗുണഭോക്താവിനും വേണ്ടി 17000 രൂപാ ചെലവഴിച്ചതിനാൽ അധികമായി സബ്സീഡിയിനത്തിൽ ചെലവഴിച്ച തുക പഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നും സർക്കാരിലേക്ക് തിരിച്ചടക്കേണ്ടതാണെന്ന വ്യവസ്ഥക്ക് വിധേയമായി മലപ്പുറം ജില്ലയിലെ കൊണ്ടോട്ടി ഗ്രാമപഞ്ചായത്തിന്റെ 2011-12 വർഷത്തെ ലോക്കൽഫണ്ട് ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3.2 പ്രകാരം തടസ്സപ്പെടുത്തിയിരുന്ന 10,77,000 രൂപായുടെ ( പത്ത് ലക്ഷത്തി എഴുപത്തിയേഴായിരം രൂപാ മാത്രം) ചെലവിന് സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു .

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം

റ്റി.വിജയൻ

ഡെപ്യൂട്ടി സെക്രട്ടറി

ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം
സെക്രട്ടറി, കൊണ്ടോട്ടി ഗ്രാമ പഞ്ചായത്ത്, മലപ്പുറം
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ